പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.106 04.02.2013 ൽ മറുപടിയ്ക്ക്

## അന്തർ സംസ്ഥാന നദീജല കരാർ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.രാജു എബ്രഹാം | | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു.മുഖ്യമന്ത്രി) |
| (എ) കേരളം, തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളുമായി ഒപ്പുവച്ചിട്ടുള്ള അന്തർ സംസ്ഥാന നദീജല കരാർ പ്രകാരം കേരളത്തിന് ഓരോ പദ്ധതിയിൽ നിന്നും ലഭിക്കേണ്ടത് എത്ര ടി.എം.സി വെള്ളമാണ് എന്നും, പ്രസ്തുത അളവിൽ വെള്ളം ലഭിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ; | (എ) | 1970–ൽ കേരളവും തമിഴ്നാടും തമ്മിൽ 1958 മുതൽ മുൻകാലപ്രാബല്യത്തോടെ ഒപ്പുവച്ച പറമ്പിക്കുളം-ആളിയാർ പദ്ധതി (PAP) കരാർ പ്രകാരം കേരളത്തിന് ഒരു ജലവർഷം (ജൂലായ് 1 മുതൽ ജൂൺ 30 വരെ) ചിറ്റൂർ പുഴ പദ്ധതി പ്രദേശത്തെ കാർഷികാവശ്യങ്ങൾക്കായി മണക്കടവ് വിയറിൽ 7.25 Tmcft ജലവും, ചാലക്കുടി നദീതടത്തിൽ കേരള ഷോളയാറിലേക്ക് 12.3 Tmcft ജലവും, പെരിയാർ നദീതടത്തിലെ നീരാർ വിയറിൽ നിന്നുള്ള ജലം ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള കാലയളവിലേക്കും, ലോവർ നീരാർ ഡാമിന്റെയും, പറമ്പിക്കുളം, തുണക്കടവ്, പെരുവാരിപ്പള്ളം ഡാമുകളുടെയും വൃഷ്ടി പ്രദേശത്തുള്ള ജലം ഒരുമിച്ചു കണക്കാക്കി 16.5 Tmcft -ൽ അധികമായി വരുന്ന 2.5 Tmcft ജലം കേരളത്തിലെ ചിറ്റൂർ പുഴ പദ്ധതിപ്രദേശത്തെ ജലസേചനത്തിനും, ശേഷിക്കുന്ന ജലം ചാലക്കുടി പുഴയിലേക്കും തമിഴ്നാട് ലഭ്യമാക്കേണ്ടതാണ്. പി.എ.പി കരാർ അനുസരിച്ച് കേരളത്തിന് ലഭിക്കേണ്ട ജലം, മുഴുവനായും കേരളത്തിന് ലഭിച്ചുവരുന്നില്ല.<br>19.8.1973–ൽ കേരളവും തമിഴ്നാടും തമ്മിൽ ഒപ്പുവച്ച ശിരുവാണി കുടിവെള്ള പദ്ധതി കരാർ പ്രകാരം 5 cusecs ജലം കേരളത്തിന്റെ കീഴ് നദീതട അവകാശം സംരക്ഷിക്കുന്നതിനുവേണ്ടി ലഭിക്കേണ്ടതാണ്. ഈ ജലം കേരളത്തിന് ലഭിക്കുന്നുണ്ട്. കർണാടക സംസ്ഥാനവുമായി കരാർ ഒപ്പ് വച്ചിട്ടില്ല. |
| (ബി) പ്രസ്തുത അളവിലുള്ള ജലം എന്നുമുതൽ കേരളത്തിൽ ലഭിക്കുന്നുണ്ട്; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | പി.എ.പി കരാർ പ്രകാരം 1970 മുതലാണ് ജലം ലഭിച്ചുവരുന്നത്. ചില വർഷങ്ങളിൽ കാലവർഷ കുറവ് മൂലം ഡാമുകളിലെ ജലനിരപ്പ് കുറയുന്നു എന്ന കാരണം പറഞ്ഞ് കരാർ പ്രകാരമുള്ള ജലം വിട്ടുതരുന്നതിന് തമിഴ്നാട് വിമുഖത കാണിക്കുന്നുണ്ട്. |

| | | |
|---|---|---|
| (സി) ഇത് ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് ഇതേവരെ സ്വീകരിച്ചിട്ടുള്ളത്;<br><br>(ഡി) ജലം എന്നുമുതൽ ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; ഇതിനായി സമയബന്ധിതമായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ? | (സി) യും (ഡി) യും | പി.എ.പി. കരാർ പ്രകാരമുള്ള ജലം കേരളത്തിന് ലഭിക്കുന്നതിന് സംയുക്ത ജലക്രമീകരണ ബോർഡ് യോഗങ്ങളിൽ ശക്തമായ സമ്മർദ്ദം ചെലുത്തിവരുന്നു. കൂടാതെ കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കുന്നതിന് ഉദ്യോഗസ്ഥതലത്തിലും സർക്കാർ തലത്തിലും തമിഴ്നാട് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>26.12.2012-ലെ അസാധാരണ സംയുക്ത ജലക്രമീകരണ ബോർഡ് യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇരു സംസ്ഥാനങ്ങളിലേയും ജലവിഭവ സെക്രട്ടറി തലത്തിലുള്ള ഒരു ചർച്ച നടത്തുവാൻ തമിഴ്നാട് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഇരു സംസ്ഥാനങ്ങളിലേയും ജലവിഭവ മന്ത്രി തലത്തിലും മുഖ്യമന്ത്രിതലത്തിലും കൂടിക്കാഴ്ച്ചയ്ക്ക് സമയം ചോദിച്ചിട്ടുണ്ട്.<br>കരാർ പ്രകാരമുള്ള ജലം ലഭിക്കാത്ത സാഹചര്യത്തിൽ തമിഴ്നാട് സർക്കാരിനെതിരെ സുപ്രീംകോടതിയെ സമീപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**